## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5683** — **09/07/2012 ൽ മറുപടിക്ക്**

## ബോധന സങ്കേതങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാഭ്യാസ രംഗത്ത് ദേശീയ പാഠ്യ പദ്ധതിക്കനുസൃതമായ കാര്യക്ഷമമായ ബോധന സങ്കേതങ്ങൾ ആവിഷ്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | എ) ദേശീയ പാഠ്യപദ്ധതിക്കനുസൃതമായാണ് ''സാമൂഹ്യ ജ്ഞാന നിർമ്മിതി വാദത്തിന്റെ'' അടിസ്ഥാനത്തിൽ ക്ലാസ് റൂം പഠന പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കുട്ടികൾ ഗ്രൂപ്പുകളായി അദ്ധ്യാപകർ നൽകുന്ന ടാസ്കിൽ ഏർപ്പെട്ട് അവർ സ്വന്തമായി ആശയ നിർമ്മാണം നടത്തുമ്പോൾ ആ അറിവ് അവരുടെ സ്വന്തമായി മാറുന്നു. അതുകൊണ്ടുതന്നെ അത് അവന്റെ ഓർമ്മയുടെ ഭാഗമായി മാറുകയും ചെയ്യുന്നു. പിന്നീടുള്ള വായന അധിക വായനയ്ക്കായി കൊടുക്കുമ്പോൾ കുട്ടികൾ കൂടുതൽ ആശയങ്ങൾ സ്വീകരിക്കാൻ പ്രാപ്തരാകുന്നു. |
| ബി) ഇതിനായി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുമോ; | ബി) സാങ്കേതിക വിദ്യ ഇതിനായി ഉപയോഗിക്കേണ്ടി വരും. |
| സി) വിദ്യാഭ്യാസ രംഗത്ത് മൂല്യാധിഷ്ഠിത ബോധനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | സി) മൂല്യാധിഷ്ഠിത പഠനം പ്രത്യേകം നടത്തേണ്ട ആവശ്യമില്ല. അത് പാഠഭാഗങ്ങളിൽ ഉൾച്ചേർന്നിരിക്കുന്നവയാണ്. അവയ്ക്ക് പ്രത്യേകം ശ്രദ്ധ കൊടുത്ത് സമകാലീന സംഭവങ്ങളോ കഥകളോ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയോ അദ്ധ്യാപകർക്ക് ഇത് ക്ലാസ്സ് മുറിയിൽ പഠന പ്രവർത്തനമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ